Leave was granted for the withdrawal of the resolution.

The resolution was, by leave, withdrawn.

3. Re: Granting of a lump sum to Members of the Assembly on retirement after serving a period of not less than twenty years.

ശ്രീ. ടി. ടി. കേശവൻ (ശാസ്താ): "കഴിഞ്ഞതു് ഇരുപതുസംവത്സരങ്ങൾക്കുമേൽ തുടർച്ചയായിരുന്ന നിയമസഭയിൽനിന്നു പിരിഞ്ഞുപോകുമ്പോൾ സേവനങ്ങളെ പരിഗണിച്ചു, ഗണ്യമായ ഒറ്റത്തരം ലമ്പ് സം ആലവൻസുകൾ നൽകി അവരെ സഹായിക്കേണ്ടതാണെന്നു്, ഈ അസംബ്ലി തീരുമാനിക്കുന്നു" എന്നുള്ളതാണു് എന്റെ പ്രമേയം. സർ, ഈ പ്രമേയം അവതരിപ്പിക്കുവാൻ ഞാൻ എഴുനേറ്റ സമയം ചിരിയും ആനന്ദാരവവുംകൊണ്ടു് എന്നെ പ്രോത്സാഹിപ്പിച്ചു് നിറുത്തിയതിൽ ഞാൻ അത്യന്തം കൃതജ്ഞനാണു്. ഇതിൽ ഒന്നാമതായി ഞാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണു്. സർ, ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതു് എന്റെ പരിചയവും പരിചിന്തനവുമാണെന്നുള്ള വസ്തുത എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പ്രമേയങ്ങളും പലതും എഴുതി അയച്ചിരുന്നു. എന്നാൽ ഇവിടെ ചർച്ചയ്ക്കു വിഷയീഭവിക്കാൻ ഇടനൽകിയ പ്രമേയം ഇതായിരുന്നു. അനുകൂലമായ ഒരു ദൈവികാനുഗ്രഹം ഇതിനുള്ളതായി എനിക്കു സംശയിക്കുന്നു. കാര്യം എങ്ങനെയായാലും ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാരുടെ മുമ്പാകെ വയ്ക്കുവാൻ ആഗ്രഹിക്കുന്നു.

നിയമസഭാസാമാജികന്മാരുടെ ബൃഹത്തായ സേവനങ്ങളെപ്പറ്റി ഓർമ്മിക്കുന്നതു്, ഭാരക്കൂടുതൽ നയിക്കാനും നിയന്ത്രിക്കാനും ഉള്ള നടപടിയാണു് ഈ നിയമസഭാസേവനംകൊണ്ടു് നാം നിവൃഹിക്കുന്നതു്. നിയമസഭാസേവനത്തിന്റെ മാറ്റുരച്ചാൽ അതു് അമൂല്യമാണെന്നു് കാണാൻ സാധിക്കുന്നില്ലേ? നമ്മുടെ നിയമസഭാ പാരമ്പര്യം ഇൻഡ്യയിലെ മറ്റു സംസ്ഥാന നിയമസഭകളുടേതിനേക്കാൾ മെച്ചമാണെന്നുള്ള വസ്തുത ഒന്നു കണ്ണോടിച്ചാൽ കാണാവുന്നതല്ലേ?

12 Noon

സർ, ജനായത്തരീതി സമ്പ്രദായമനുസരിച്ചു നിയമസഭ ഒരു പരമാധികാരസമിതിയായി ഇന്നു ഉയർന്നിരിക്കുകയല്ലേ? ഈ അവസരത്തിൽ നിയമസഭാസാമാജികന്മാരെ സംബന്ധിക്കുന്ന ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചു പ്രസംഗിക്കാൻ സന്ദർഭമുണ്ടായതിൽ ഞാൻ അതീവ സംതൃപ്തനാണു്. ബഹുമാന്യരായ നിങ്ങളുടെ ഏകകണ്ഠമായ പര്യാലോചനയ്ക്കും തീരുമാനത്തിനും വേണ്ടി ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

സർ, സംസ്ഥാനത്തിനുവേണ്ടി ഏറ്റവും മഹത്തായ സേവനം അനുഷ്ഠിച്ചുപോരുന്ന നിയമസഭാസാമാജികന്മാർക്കു അവരുടെ സേവന.....

ശ്രീ. ടി. ഒ. ബാവ: ഈ പ്രമേയത്തിൽ നിയമസഭാസാമാജികന്മാരുടെ കാര്യം മാത്രമാണോ പറയുന്നതു്; ഉദ്യോഗസ്ഥന്മാരും ഇതിൽ ഉൾപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : സർ, ആചാരത്തിൽ തെറ്റുവരാം, സംസാരത്തിൽ തെറ്റുവരാം, എഴുത്തിലും അച്ചടിയിലും തെറ്റു പറ്റാമെന്നവരാം. പ്രമേയത്തിലെ ഏതോ ഒരറ്റത്തു കണ്ട പിശകിനെ നോക്കി മുതലാളി ഇങ്ങനെ ചോദ്യംചെയ്തതിൽ ഞാൻ വ്യസനിക്കുന്നു. (ചിരി)

സർ, ഇന്നത്തെ നിയമസഭാസാമാജികന്മാർ ജനായത്തഭരണ സമ്പ്രദായപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരാണ്. ഇതിനു മുൻപാണെങ്കിൽ തിരുവിതാംകൂർ–കൊച്ചിയിലെ പണക്കാരും ഭൂസ്വത്തുടമകളുമായ ആളുകൾക്കു മാത്രമെ തിരഞ്ഞെടുപ്പുകൊണ്ട് നിയമസഭാസാമാജികത്വം സിദ്ധിച്ചിരുന്നുള്ളൂ.

ശ്രീ. എ. കുഞ്ഞൻനാടാർ : ഇങ്ങനെ പെൻഷനോ, പ്രതിഫലമോ കൊടുത്താൽ അവർ വീണ്ടും സ്ഥാനാർത്ഥികളായി നിന്നു തിരിയെ വരാൻ ശ്രമിക്കുമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : നന്നായിട്ട് ഒരു പ്രതിഫലം കൊടുത്താൽ തിരിയെ വന്നില്ലെന്നു വരാം. പ്രതിഫലം തീരെ കുറഞ്ഞാൽ അങ്ങനെ സംഭവിച്ചുവെന്നുവരാം.

പണക്കാർക്കു മാത്രം പ്രാപിക്കാമായിരുന്ന ഈ നിയമസഭയിൽ ഇന്നു തൊഴിലാളികൾക്കുപോലും സാമാജികരായി വരാമെന്നായിട്ടുണ്ട്. കുടുംബങ്ങൾക്കു വിധേയരാകാതെ ഫാക്ടറികളിലും പുഞ്ചപ്പാടങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്കുപോലും നിയമസഭാസാമാജികത്വം കിട്ടാവുന്ന നിലയായിട്ടുണ്ട്. പിന്നെ വിദ്യാഭ്യാസംകൊണ്ടും ജനസ്വാധീനംകൊണ്ടും, ലോകസമക്ഷം സമ്മതി നേടുന്നവർക്കും നിയമസഭാസാമാജികന്മാരായി വരാം.

സർ, നിയമസഭാസാമാജികന്മാരുടെ ഘനത്തെപ്പറ്റി, അവരെപ്പറ്റിയുള്ള മതിപ്പിനെപ്പറ്റി അതെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഇന്നു അവരുടെ സ്ഥിതിയെന്താണ്? കേവലം സാമാന്യനില. ഈ നിലയിൽ അവരും യഥാർത്ഥത്തിൽ ഒരു വിഭാഗം അവശതയുള്ളവരായിട്ടാണു കഴിയുന്നതു്. മുൻപു് നിയമസഭാസാമാജികത്വം പല തരത്തിൽ ഉയർന്നവരാനുള്ള ഒരു സോപാനമായിരുന്നു. കുറഞ്ഞതു് പത്തു കൊല്ലക്കാലം നിയമസഭാസാമാജികനായിരിക്കുന്ന ഒരു മെംബർ ഗവണ്മെൻറ സർവ്വീസിൽ ഉയർന്ന ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുമായിരുന്നു. അങ്ങനെ ഹൈക്കോടതി ജഡ്ജിമാർ, ചീഫ് ഇൻജനീയർമാർ, ഡിപ്പാർട്ടുമെൻറ മേധാവികൾ തുടങ്ങി പല ഉദ്യോഗമണ്ഡലങ്ങളിലും സർവ്വീസിൽ ഉയർന്നുപോകുന്നതിനുള്ള അവസരം അന്നു നൽകിയിരുന്നു. സർ, അങ്ങനെ നിയമസഭാസാമാജികന്മാരായിരുന്നു് ജീവിതത്തിൽ ഉയർന്ന ഉദ്യോഗങ്ങളിൽ പ്രവേശിക്കാൻ ഭാഗ്യമുണ്ടായിട്ടുള്ളവരെ പലരേയും എനിക്കറിയാം. വളരെ കാലമായി നിയമസഭാസാമാജികന്മാരായിരുന്നു രാജ്യസേവനം നടത്തിയവരിൽ പലരും ഇന്നും ഈ നിയമസഭയിലുമുണ്ട്. ശ്രീമാന്മാർ, പട്ടം താണുപിള്ള, ടി. എം. വറുഗീസ്, എ. ജെ. ജോൺ, കോര, നടരാജപിള്ള അതിൽ ഒരു കുറഞ്ഞ പേരുകാരനാണെങ്കിലും കൂട്ടത്തിൽ കേശവൻ ശാസ്ത്രിയും ഉൾപ്പെട്ടു. സർ, ഞാൻ ഇതൊരു മഹാഭാഗ്യമായി കരുതുകയാണ്. 25 കൊല്ലത്തെ നിയമസഭാസാമാജികസ്ഥാനം കൈവർക്കാനുണ്ടായ ഒരു ഭാഗ്യം എനിക്കും സിദ്ധിച്ചു. ചിലർ പറയുമായിരിക്കാം

LIBRARY ARCHIVES Kerala Legislative Assembly

കുറെയൊക്കെ മഹാരാജാക്കന്മാരുടെ കാരുണ്യംകൊണ്ട് അങ്ങനെ ലഭിച്ചു താണെന്നു്. സർ, അങ്ങനെ രാജപ്രീതി ലഭിക്കണമെങ്കിൽത്തന്നെ കുറേ കോണങ്ങൾക്കതീതനും മൗലികമായ ചില സാഹചര്യങ്ങൾക്കു വിധേയനുമായിരിക്കാതെ സാദ്ധ്യമായിരുന്നിരിക്കയില്ലല്ലോ. അങ്ങനെ രാജാധികാരത്തിലും, സചിവാധികാരത്തിലും, ഉഭയാധികാരത്തിലും, ജനകീയ ഭരണാധികാരത്തിലും നിയമസഭാസാമാജികത്വം എനിക്കു സിദ്ധിച്ചു. ഇന്നും ഞാൻ ഒരു സാമാജികനായിരിക്കുകയാണു്. ഇതിനെ അടിസ്ഥാനമാക്കി ഒരു വലിയ പ്രസംഗം ചെയ്യാൻ ഞാൻ ഒരുമ്പെട്ടിട്ടില്ല. ജനായത്തഭരണത്തിന്റെ ആവിർഭാവത്തിനുശേഷം ഇങ്ങനെയൊരു വിഭാഗത്തിന്റെ നില എത്രമാത്രം ഉയർന്നിട്ടുണ്ടു്. അവർക്കു് ജനമദ്ധ്യത്തു ആശാവഹമായ ഒരു സ്ഥാനമുണ്ടോ എന്നെല്ലാം ചിന്തിച്ചാൽ, യഥാർത്ഥ രാജ്യസേവനം അനുഷ്ഠിച്ചു യാതൊന്നും മിച്ചം വയ്ക്കാനില്ലാത്ത ഇക്കൂട്ടർ മരിച്ചാൽത്തന്നെ കേൾപ്പോരും കേൾവിയുമില്ലാത്ത ഒരു നിലയിലെത്തിയിരിക്കുകയാണെന്നു് കാണാം. ഈ നില മനസ്സിലാക്കിയിട്ടു് ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കാൻ എനിക്കു് അവസരം തന്നതു് ഒരു ഭാഗ്യമായി ഞാൻ കരുതുകയാണു്. സർ, ഞാൻ വിനീതമായി ഒന്നു ചോദിക്കുകയാണു്, മുപ്പത്തിയഞ്ചു് കൊല്ലക്കാലം നിയമസഭാസാമാജികനായിരുന്നു് ഈ അടുത്തകാലത്തു് നിര്യാതനായ ശ്രീ. ഷെവലിയർ തര്യത്തു കുഞ്ഞിത്തൊമ്മന്റെ നിര്യാണത്തെ സംബന്ധിച്ചു്; അതായതു് അദ്ദേഹത്തിന്റെ സേവനങ്ങളെയെല്ലാം എഴുനേറ്റുനിന്നു അദ്ദേഹത്തിന്റെ സേവനങ്ങളെ സ്മരിച്ചു പരേതന്റെ ആത്മാവിനു നിത്യശാന്തി പ്രാർത്ഥിച്ചുകൊണ്ടു കുറേനേരത്തേക്കു മിനിറ്റു ചെലവഴിച്ചു. സർ, ഇത്രമാത്രമല്ലേ ഇന്നൊരു നിയമസഭാസാമാജികനെ സംബന്ധിച്ചിടത്തോളം ഉള്ളു. വിലമതിക്കാത്ത സേവനങ്ങൾ, രാജ്യരേണ വിഷയകമായി ഈ രാജ്യത്തിനു സംഭാവന ചെയ്തിട്ടുള്ളവർ ഇന്നും ഇവിടെ ഇരിക്കുന്നുണ്ടു്. സർ, ശ്രീ. പട്ടം താണുപിള്ളയെ ഒരു സാമാജികനായി പരിചയപ്പെട്ടതു് ഞാൻ കോളേജിൽ പഠിക്കുന്ന കാലത്താണു്. കൈയിൽ ഒരു പെൻസിലും ചുഴറ്റിക്കൊണ്ടു് അന്നത്തെ ദിവാൻജിമാരെ, പിന്നീടു സർ, സി. പി. യെ, വെല്ലുവിളിച്ചു നിയമപ്രശ്നങ്ങൾ ഉന്നയിച്ചു പ്രസംഗിച്ചതും വാദിച്ചതും ഞാൻ ഇന്നും ഓർക്കുന്നു. ഇത്തരം സേവനങ്ങൾ മറക്കത്തക്കതാണോ? മനുഷ്യഹൃദയങ്ങളിൽനിന്നും അതു മറക്കപ്പെടുമോ സാദ്ധ്യമാണോ? വിലമതിക്കപ്പെടേണ്ട ഈ സേവനങ്ങൾക്കു് ഒരു പെൻഷനോ, പാരിതോഷികമോ പ്രതിഫലമായി കരുതാൻ ശ്രീ. പട്ടം ആഗ്രഹിക്കുന്നില്ലെന്നറിയാം. നിയമസഭയിൽ മുപ്പതും നാൽപ്പതും വർഷം മഹത്തായ രാജ്യസേവനം അനുഷ്ഠിച്ചു പിരിയുന്ന ഒരു സാമാജികനെ, എന്തെങ്കിലും ബഹുമതിയോ പ്രതിഫലമോ നൽകാതെ അയയ്ക്കുന്നതു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന്റെ ധർമ്മബോധത്തിനു തികച്ചും ഒരു പോരായ്മതന്നെയായിരിക്കും. എനിക്കു് അധികം പറയാനില്ല. ബഹുമാന്യരായ എല്ലാ അംഗങ്ങളും ഈ പ്രമേയത്തിന്റെ ഉദ്ദേശശുദ്ധിയിൽ, തത്വത്തിന്റെ സാരാംശത്തിൽ പൂർണ്ണമായി അനുകൂലിക്കണമെന്നും, ഏക കണ്ഠമായി ഇതു പാസ്സാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണു്. ഇതിനു പല ഭേദഗതികളും വന്നിട്ടുണ്ടു്. എല്ലാവരോടുമായി എനിക്കു പറയാനുള്ളതു് "നിങ്ങളുടെ നീതിനിപുണതയിലാണു് ഞാൻ വിശ്വസിക്കുന്നതു്" എന്നുള്ളതാണു്. ഈ പ്രമേയം ഈ ധാരണയോടുകൂടിത്തന്നെ ഞാൻ നിങ്ങളുടെ സമക്ഷം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എ. നൂർ മുഹമ്മദ് : ഈ സഭയിൽ, ഈ പ്രമേയത്തിൽ പറയുന്ന സഹായത്തിനോ, ബഹുമതിക്കോ അർഹതയുള്ളവർ എത്ര പേർ ഉണ്ട്?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ശ്രീ. പട്ടം തുടങ്ങി കുറെ ആളുകൾ ഉണ്ട്. എല്ലാവരുടേയും പേർ പറയണോ?

ശ്രീ. ടി. എസ്സ്. രാമസ്വാമിപ്പിള്ള : ബഹുമാനപ്പെട്ട മെംബർ ഈ പ്രമേയം പിൻവലിക്കാതിരിക്കുമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : എല്ലാവരും ഒന്നടങ്കം ഇതിനെ അനുകൂലിക്കുമെങ്കിൽ ആ പ്രശ്നമേ ഉണ്ടാകുകയില്ലല്ലോ. (ചിരി)

MR. SPEAKER : Do you move your amendment Mr. Luiz?

SHRI A. A. D. LUIZ : No, I don't move.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഈ പ്രമേയം ശ്രീ. കേശവൻ ശാസ്ത്രി ഇവിടെ കൊണ്ടുവന്നതിന്റെ പ്രത്യേകകാരണം ആലോചിച്ചതിൽ, നിയമസഭാമെംബറായി ദീർഘകാലം സേവനം അനുഷ്ഠിച്ചു പിരിഞ്ഞു പോകുമ്പോൾ കാര്യമായ ഒരു സംഭാവനയോടുകൂടി പിരിയുന്നതിനും, മാനമായി കാലക്ഷേപം ചെയ്യാനുമുള്ള ഒരു സാധ്യതയിന്നില്ലെന്നും, അതിന് ഒരു പരിഹാരം ഉണ്ടാകണമെന്നുമുദ്ദേശിച്ചാണ് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ ഈ പ്രമേയത്തിനു രണ്ടു ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ട്. ഒന്ന് പ്രമേയത്തിൽ കാലാവധി 20 സംവത്സരം എന്നുള്ളതു 12 എന്നു ചേർക്കണം എന്നും; പിന്നെ, 'സംവത്സരങ്ങൾക്കു മേൽ' എന്നു കഴിഞ്ഞു 'തിരഞ്ഞെടുക്കപ്പെട്ട' എന്നു കൂടി ചേർക്കണമെന്നുമാണ്. ഇതിൽ 12 വർഷം എന്ന ഭേദഗതി ഞാൻ കൊണ്ടുവന്നിട്ടുള്ളതിന്റെ കാരണം എല്ലാവരിനും ചില കണക്കുകൾ കൊടുക്കുന്നുണ്ട്. കാലഹരണത്തിനും ഇംബീഷികൾക്കും മറ്റും 28, 56, 25, 50, 80, 100 എന്നിങ്ങനെ പല കണക്കുകളുള്ളതുപോലെ പാർലമെന്ററി കാലം ഒരു പ്രത്യേക കണക്കിട്ടുള്ളതിൽ പെടുന്നതാണ്. ഇതിൽ ഒന്നും പെടാത്ത ഒന്നാണ് 20. അതുകൊണ്ട് 20 വർഷം എന്നുള്ളതു മാറി 12 എന്നു ചേർക്കണം.

മറ്റൊന്ന് മഹാരാജാക്കന്മാരുടെ ഭരണകാലം അവസാനിച്ചു; ഇപ്പോൾ ജനകീയഭരണമാണ് നടക്കുന്നത്. മഹാരാജാക്കന്മാരുടെ ഭരണകാലത്തു തിരഞ്ഞെടുക്കപ്പെടുന്ന മെംബറന്മാരും നോമിനേറ്റഡ് മെംബറന്മാരും ഉണ്ടായിരുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളെ കൂടാതെ ഡിപ്പാർട്ടുമെന്റ് ഹെഡ്സിനെയാണ് നോമിനേറ്റഡ് മെംബറായി തിരഞ്ഞെടുക്കുക. ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ പത്തോ, ഇരുപതോ, മുപ്പതോ കൊല്ലം തുടർച്ചയായി ഇരുന്നിട്ടുള്ള ഉദ്യോഗസ്ഥ മേധാവികൾ തുടർച്ചയായി നിയമസഭയിലും മെംബറായി ഇരുന്നിട്ടുണ്ടായിരിക്കും. അങ്ങനെ വരുമ്പോൾ പല നോമിനേറ്റഡ് ഉദ്യോഗസ്ഥ മെംബറന്മാരും ഇതിന്റെ പരിധിയിൽപ്പെടാനിടയുള്ളതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട മെംബറന്മാർ എന്ന ഭേദഗതി ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഈ രണ്ടു ഭേദഗതികളും സ്പീക്കർ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമസ്വാമിപ്പിള്ള: സർ, എനിക്ക് രണ്ട് ഭേദഗതി കളാണ് ഈ പ്രമേയത്തെ സംബന്ധിച്ചു മൂവു ചെയ്യാനുള്ളത്. ഒന്ന്, 'ഇടർച്ചയായിരുന്നു" എന്നുള്ളതിനു പകരം, 'മെമ്പറായിരുന്നു" എന്നും, മറ്റൊന്ന് 'സഹായിക്കേണ്ടതാണെന്നു", എന്നുള്ളതിനു പകരം 'ബഹു മാനിക്കേണ്ടതാണെ" എന്നും ചേർക്കണമെന്നാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണ്. 'പരിഗണിച്ചു" എന്നതിനും 'ഗണ്യമായ" എന്നതിനും ഇടയ്ക്ക് 'നിയമസഭാ ഭ്രഷ്ണൻ എന്ന ബഹുമതി സ്ഥാനം നൽകുന്നതോടൊപ്പം" എന്നു ചേർക്കണം. ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചതിന്റെ ഉദ്ദേശം ഈ പ്രമേയം ഇതേരീതിയിൽ പാസ്സാകുമോ എന്ന സംശയമുള്ളതുകൊണ്ടാണ്. പണം കൊടുക്കുന്ന കാര്യം വരുമ്പോൾ എന്റെ സ്നേഹിതന്മാർ ഇതിനെ എതിർക്കുകയില്ലേ എന്ന സംശയമുണ്ട്. രണ്ടാമതായി ഇങ്ങനെ ഒരു ഭേദഗതി കൂടി ചേർക്കുമ്പോൾ പണം കൊടുക്കുന്നതിനെ എതിർക്കുന്ന ബഹുമാനപ്പെട്ട മെംബറന്മാർ ബഹുമതി കൊടുക്കുന്നതിനു സമ്മതിച്ചേയ്ക്കുമെന്ന ഒരു വിചാരവുമുണ്ട്. 20 കൊല്ലം നിയമസഭാസാമാജികനായി ഇരിക്കുന്നതുകൊണ്ട് തനിക്കോ, തന്റെ കുടുംബത്തിനോ പ്രമേയമനുസരിച്ചു ഗുണം ഉണ്ടാകുമെന്നുള്ള വിശ്വാസം കൊണ്ട് പലരും നിയമസഭാസാമാജികന്മാരായി നിൽക്കുകയും കലാപം ഉണ്ടാകുകയും ചെയ്യും. ആ കാരണത്താൽ ശ്രീമാൻ. കേശവൻശാസ്ത്രിയുടെ പ്രമേയത്തോടു ഇതു സഭ യോജിക്കുമെന്നില്ലെന്നുവരും. അതുകൊണ്ട് ഒരുപക്ഷേ പണം കിട്ടിയില്ലെങ്കിൽത്തന്നെയും, സദസ്പതിലകൻ, അല്ലെങ്കിൽ വാസ്തവിജ്ഞാകുശലൻ, എന്നിങ്ങനെ മുമ്പു സ്ഥാനമാനങ്ങളും ഉണ്ടായിരുന്നതുപോലെ, എന്തെങ്കിലും ഒരു ബിരുദമെങ്കിലും കൊടുത്താൽ കൊള്ളാം. അതെങ്കിലും കിട്ടുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ പ്രമേയം അവതരിപ്പിച്ചതു്. എന്റെ സ്നേഹിതൻ ശ്രീ. ജോസഫ് ചാഴിക്കാട്ട് കൊണ്ടുവന്ന ഭേദഗതിയുടെ ഉദ്ദേശം കണ്ടപ്പോൾ അതിൽ സ്വാർത്ഥത യില്ലയോ എന്നു സംശയം തോന്നി. യതുകൊണ്ടാകാം ഇതു പാസ്സാകുന്നു, ശ്രീ. കേശവൻശാസ്ത്രി പ്രമേയം പിൻവലിക്കണം എന്നുള്ള ഉദ്ദേശവും അതിൽ ഉണ്ടായിരിക്കാം. എന്തെന്നാൽ ശ്രീ. ചാഴിക്കാടന്റെ ഭേദഗതി പാസ്സായാൽ ശ്രീ. ശാസ്ത്രിക്കു പ്രമേയം കൊണ്ടുള്ള ഗുണം ഇല്ലാതാകും. തിരഞ്ഞെടുപ്പു മുഖേന പന്ത്രണ്ടുകൊല്ലം നിയമസഭായിലെ സാമാജികനായിരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. അടുത്തകൊല്ലം തിരഞ്ഞെടുപ്പിൽ ജയിച്ചുവരുമോയെന്ന സംശയവുമുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്റെ ഭേദഗതി അവതരിപ്പിച്ചതു സ്വാർത്ഥതകൊണ്ടാണെന്നു പറഞ്ഞതു് എന്താണ്?

ശ്രീ. എൻ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെംബർക്ക് അനുകൂലമായ ഒരു ഭേദഗതിയാണ് അതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: മെംബർ ആ ഭേദഗതിയെ അനുകൂലിക്കുന്നുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ് : എനിക്കും അതനുകൂലമാണ്. എന്റെ ഭേദഗതി സ്വീകരിക്കുന്ന പക്ഷം ഈ പ്രമേയം ഇങ്ങനെ വായിക്കാം. "കുറഞ്ഞതു് ഇരുപതു സംവത്സരങ്ങൾക്കുമേൽ തുടർച്ചയായി ഇരുന്ന നിയമസഭയിൽനിന്നു ചിരിഞ്ഞുപോകുമ്പോൾ സേവനങ്ങളെ പരിഗണിച്ചു നിയമസഭാദ്ധ്യക്ഷൻ എന്ന ബഹുമതിസ്ഥാനം നൽകുന്നതോടൊപ്പം ഗണ്യമായ ഓരോ ലംപ് സം അലവൻസുകൊടുത്തു നാടകി അവരെ ബഹുമാനിക്കേണ്ടതാണെന്നു് ഈ അസംബ്ലി തീരുമാനിക്കുന്നു". ഇതിൽ ശ്രീ. രാമസ്വാമിപ്പിള്ളയുടെ 'ബഹുമാനിക്കേണ്ടതാണു്" എന്ന ഭേദഗതികൂടി ചേർത്തു ഞാൻ തിരുത്തിയിട്ടുണ്ടു്. ഈ ഭേദഗതിയോടുകൂടി ഈ പ്രമേയം പാസാക്കുന്നതു മെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഈ പ്രമേയത്തെ എതിർത്തു് ആർക്കെങ്കിലും സംസാരിക്കുവാനുണ്ടോ ?

ശ്രീ. എം. പി. മേനോൻ : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. നിയമസഭാ പ്രവർത്തനം ഉപജീവനത്തിനുള്ള ഒരു മാർഗ്ഗമായി ആളുകൾ തെറ്റിദ്ധരിക്കുന്ന ഒരു നില മാറിക്കിട്ടുവാൻ പാടുള്ളതല്ല. എന്നുമാത്രമല്ല, ഈ പ്രമേയം അംഗീകരിച്ചാൽ ഒരു തിരഞ്ഞെടുക്കപ്പെടുന്ന ആളുകളുടെ മതിപ്പിനെ കുറയ്ക്കുകയും ചെയ്യും. അതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ടി. എസ്. രാമസ്വാമി : സർ, ഇന്നത്തെ തീർമാനത്തെ നാൻ ആതരിക്കിറേൻ. ശ്രീമാൻ ചാസ്തിരി അവർകൾ ഇന്നത്തെ തീർമാനത്തെ കൊണ്ടുവന്നതു, ഇതു അവർകളുക്കു അനുകൂലമാന തീർമാനം എന്പതറ്കാക അല്ല. ഇതു, വേറൊരു അങ്കത്തിനർ കൊണ്ടുവാവേണ്ടിയ തീർമാനമാകും. ഇതെ എനതു നണ്പർ ശ്രീ. എം. പി. മേനോൻ അവർകൾ എതിർത്താർകൾ. ഇതിലേ, ഏതോ നിയമചപൈക്കു വരക്കൂടിയ അങ്കത്തിനർകളുടെയ ചെലകരിയത്തിറ്കാക ഇതൈക് കൊൺടു വരുകിറാർകൾ എൻറ തെറ്റുതാരണ മക്കളിടെയേ വരുമെൻറു കൂറിനാർകൾ. പല കട്ചികളും, full ടൈം വൊർക്കർക്കാക, മുഴുനേര വേലൈ ചെയ്വതറ്കു അരചിയൽ കട്ചിയിനർക്കു ചിറു തൊകൈകൾ കൊടുത്തു വരുകിറാർകൾ. മുഴു നേര വേലൈക്കാക, ജനങ്കളുക്കു ചേവനം ചെയ്വതറ്കാക പല പല കട്ചികൾ, തൊണ്ടർകളുക്കു തൊകൈകൾ കൊടുപ്പതൈ നാം കണ്ടു വരുകിറോം. ശ്രീമാൻ ചാസ്തിരി അവർകളിൻ തീർമാനത്തിൽ ഒരു പെരിയ തത്തുവം അടങ്കിയിരുക്കിറതു എൻറു നാൻ കരുതുകിറേൻ. ജനനായക നാടുകളിലേ ഇപ്പോതുകൂട കുറിപ്പിട്ട വരുടങ്കൾ പാർലിമെൻട് അങ്കത്തിനരായ് ഇരുക്കക്കൂടിയവരുക്കു മാതന്തോറും പെൻഷൻ കൊടുത്തു വരുകിറാർകൾ. വേറു ഉത്തിയോകങ്കൾ കിടൈപ്പതറ്കാകവോ അല്ലതു വേറു എതാവതു ചെലകരിയങ്കൾ അരചാങ്കത്തിലിരുന്തു കേട്പതൈവിട, അവർകളുക്കു അപ്പടിപ് പിരിന്തുപോകുമ്പോതു ഒരു തൊകൈ കൊടുപ്പതു നിയായമെൻറു താൻ നാൻ കരുതുകിറേൻ. ഒരുവർ ചട്ടചപൈയിൽ 20 വരുടങ്കൾ തൊടർച്ചിയാക മെമ്പരായ് ഇരുപ്പതു എൻറാൽ, അവർ പൊതുജന ചേവൈയിൽ ഉൺനതൻ എൻപതറ്കും, പൊതുജന മതിപ്പൈ അവർ പെറ്റിരുക്കിറാർ എൻപതറ്കും

LIBRARY ARCHIVES Kerala Legislative Assembly

வேறு என்ன சாற்று வேண்டும். ஆகவே, அப்படிப்பட்டவர்களை கௌரவிக்க வேண்டியது நமது கடமையாகும் என்று நான் கருதுகிறேன். வேறொருவர் கொண்டுவரவேண்டிய தீர்மானமாகும், இது. ஆனால் சாஸ்திரி அவர்கள் இதிலே உட்பட்டு விட்டார்கள் என்றால் அதை சுயநலம் என்று நாம் கருதக்கூடாது. இது, இன்னும் பல நாடுகளிலும் நடப்பில் வரவேண்டியிருப்பதினால் நான் ஸ்ரீமான் ராமஸ்வாமி பிள்ளை அவர்களின் திருத்தத்தையும் ஆதரிக்கிறேன். ஆகவே, இந்தத் தீர்மானத்தை ஆதரிக்கவேண்டியது நமது கடமை யென்றும் சொல்லிக்கொண்டு எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ: ഏതാണുപിള്ള : ഇതിനെപ്പറ്റി എന്തെങ്കിലും പറയണമെന്നു ഞാൻ ആദ്യം വിചാരിച്ചിരുന്നില്ല. ഈ റെസലൂഷൻ നോട്ടീസു കിട്ടിയപ്പോൾ ഇതു ശ്രീ. കേശവൻശാസ്ത്രി ഒന്നെഴുതി അയച്ചു എന്നേയുള്ളു എന്നാണു കരുതിയതു്. അതിൽക്കവിഞ്ഞു വലുതായ പിന്തുണയൊന്നും ഇതിനുണ്ടാകുമെന്നും ഞാൻ കരുതിയില്ല. എന്നാൽ ഇതു് ഒരു ഗൗരവമായ കാര്യമായി, പറയുന്നതിലൊക്കെ ചിരിയും മറ്റും ഉണ്ടെങ്കിലും, ഇതു നടന്നുകണ്ടാൽ കൊള്ളാമെന്നു പലരും വിചാരിക്കുന്നതായി തോന്നുന്നു. എന്നാൽ സർ, ഇന്നത്തെ നിലയ്ക്കു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നില്ല. വളരെ കാലം നിയമസഭയിൽ സേവനം അനുഷ്ഠിക്കുന്നവർക്കു് എന്തെങ്കിലും കൊടുത്തുവിടുക എന്നുള്ളതു് നാം സേവനത്തോടു കാണിക്കുന്ന ഒരു ബഹുമതിയല്ല. ശ്രീ. കേശവൻ ശാസ്ത്രിയുടെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളെല്ലാം എനിക്കും ഉണ്ടു്. സർ സി. പി. രാമസ്വാമിഅയ്യർ കൽപിച്ചു അതു അയോഗ്യത ഒഴിച്ചാൽ ഇരുപതോ അതിൽ കൂടുതലോ കൊല്ലം ഞാനും ഈ നിയമസഭയെ സേവിച്ചു എന്നു വന്നേയ്ക്കാം. അങ്ങനെ സേവനം കഴിഞ്ഞു പോകുമ്പോൾ ഒരു ലംപ് സം കൊടുക്കണമെന്നു പറയുക ആശാസ്യമായി തോന്നുന്നില്ല. ഒന്നു നോക്കുമ്പോൾ വാർദ്ധക്യകാലത്തു് ഇങ്ങനെയൊരു തുക കൊടുക്കുന്നതു ശരിയായിരിക്കാം. എന്നാൽ അതു പ്രായോഗികമായി ശരിയാണോ, അതിന്റെ ഫലം എന്തായിരിക്കും, എന്നാലോചിക്കണം. അവസാനകാലത്തു് ഒരു നല്ലതുക കിട്ടുമെന്ന കരുതി കൽപിച്ചുകൂട്ടി ആളുകൾ വന്നു എന്നു വരാം. ഇന്നു അങ്ങനെയൊരു പ്രത്യേകഫലവുമില്ല. മാസംതോറും 120 രൂപയും തിരുവനന്തപുരത്തിന്റെ വെളിയിൽ താമസിക്കുന്നവർക്കു മിനിമം ടി.എ. കൂടി അംഗമാകാൻ സാധിച്ചെങ്കിൽ ആയിരവും കിട്ടുമെന്നല്ലാതെ കൂടുതലൊന്നുമില്ല. അതിന്റെ കൂടെ ഇങ്ങനെയും ഒരാദായം കൂടി വരുത്തിയ്ക്കുമോ എന്നാലോചിക്കണം.

പിന്നെ ഒന്നുകൂടി ഉണ്ടു്. ചില പ്രത്യേക കാരണവശാൽ പത്തോ ഇരുപതോ കൊല്ലം നിയമസഭാ മെമ്പറായിട്ടുണ്ടു്, എന്നാൽ വലിയ സേവനമൊന്നും കാണുകയില്ല. ഇന്നയാൾ തിരഞ്ഞെടുപ്പിന്റെ സമയവും പരിധിയും അതാണു്. മതം, ജാതി, ചില ദിക്കിലുള്ള പ്രത്യേക സ്വാധീനം, വലിയ കുടുംബക്കാരനായിരിക്കുക എന്നിതു് ഇങ്ങനെയുള്ള ചുറ്റുപാടുകളിൽ എങ്ങനെയെങ്കിലും നിയമസഭയിൽ അംഗമായി പ്രവേശിക്കുവാൻ ഒരാളിനു കഴിഞ്ഞു എന്നു വരാം. അങ്ങനെ നാലു ഇലക്ഷനിൽ നിന്നു ജയിച്ചാൽ മതിയല്ലോ. ഓരോരുത്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഏ. താണുപിള്ള]

യോഗ്യതയുമില്ലാത്ത ഒരാൾ ആണെങ്കിൽ കൂടി അയാളുടെ വാർദ്ധക്യത്തിൽ ജീവിച്ചുകൊള്ളട്ടെ, എന്നാണുദ്ദേശമെങ്കിൽ ഈ പ്രമേയം സ്വീകരിക്കുന്നതിൽ തെറ്റില്ല. പക്ഷെ അതിനു നമുക്കു ചെയ്യേണ്ടതു് ഈ വാർദ്ധക്യകാലത്തും മാന്യം നമ്മുടെ നാട്ടിൽ ആർക്കും ബുദ്ധിമുട്ടു കൂടാതെ ജീവിക്കാനുള്ള വഴി ഉണ്ടാക്കണമെന്നുള്ളതാണു്. അപ്പോൾ വാർദ്ധക്യത്തിൽപ്പെടുന്ന നിയമസഭാസാമാജികന്മാർക്കു വേറെ ഒന്നും സൗകര്യമില്ലെങ്കിൽ ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ പ്രത്യേക സൗകര്യമുള്ള മുറി, ആഹാരസൗകര്യം മുതലായ സൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ എളുപ്പമുണ്ടു്. അതുമല്ല, പറഞ്ഞ ആളാണു്, വിവരമുള്ള ആളാണു് എന്നു കണ്ടാൽ ഒന്നു ഡെൽഹിവരെ പോകണമെന്നുണ്ടെങ്കിൽ, ഇങ്ങനെയുള്ളവർക്കു ഒരു യാത്ര കൊടുത്തു അതിനുള്ള പണവും കൊടുക്കാൻ വ്യവസ്ഥ ചെയ്യാം. "നിയമസഭയിൽനിന്നു പിരിഞ്ഞുപോകുമ്പോൾ" എന്നാണു പ്രമേയം. എങ്ങനെ പിരിഞ്ഞു പോകുമ്പോൾ എന്നു വ്യക്തമല്ല. ആയുസ്സു് വെടിഞ്ഞു പോകുമ്പോളാണോ, പരാജയപ്പെട്ടതുകൊണ്ടു പിരിയേണ്ടിവരുമ്പോൾ എന്നാണോ. അങ്ങനെ പ്രശ്നങ്ങൾ പലതും വരാം. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഇപ്പോൾ ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരേണ്ടയാവശ്യമില്ല. ഒരു വഴക്കു് ഇതിനു് ഒരു നല്ലവശമില്ലാതില്ല. ഇപ്പോൾ നിയമസഭാസാമാജികന്മാർ അവരിൽ അർപ്പിച്ചിരിക്കുന്ന പൊതുജനവിശ്വാസം നശിപ്പിച്ചിരിക്കുന്നതായി ചില പത്രപ്രസ്താവനകളിലും മാന്യം നിന്നു അനുഭവമുണ്ടു്. അഞ്ചുകൊല്ലമേയുള്ളൂ, അതുകൊണ്ടു ജീവിതാവശ്യങ്ങളെല്ലാം നിർവഹിക്കണം എന്ന മോഹംകൊണ്ടു അവർ ചിലപ്പോൾ ചിലതുപ്രവർത്തിച്ചു എന്നുവരാം. ഈ പ്രമേയത്തിൽ കാളിഫിക്കേഷൻ വച്ചിരിക്കുന്നതു് ഇരുപതു കൊല്ലം എന്നാണു്. അത്രയുംകാലംകൊണ്ടു ഒരു ലംപ് സം കിട്ടുമെങ്കിൽ അത്രയുംകാലം പൊതുജനങ്ങളുടെ ഇടയിൽ നിന്നു വേണ്ടി പ്രവർത്തിക്കണമെന്നുള്ള ഒരു വിചാരം ആ മെമ്പർക്കുണ്ടായേയ്ക്കും. അതുകൊണ്ടു ഇരുപതുകൊല്ലക്കാലത്തെ സേവനമെങ്കിലും ശരിയായി ചെയ്യണമെന്നുള്ള ഒരു മനോഭാവം ഉണ്ടാകാൻ ഇടയുണ്ടു്. തിരഞ്ഞെടുപ്പു കഴിഞ്ഞാൽ പിന്നെ കക്ഷി മാറുക, സീറ്റുമാറുക തുടങ്ങിയുള്ള അലങ്കോലങ്ങളൊക്കെ നാം കാണുന്നുണ്ടല്ലോ. അവർക്കു മുമ്പിലുള്ള ഒരു മോഹനവസ്തു വച്ചാൽ ഈ തകിടം മറിച്ചിലുകൾക്കെല്ലാം കുറെ മാറ്റങ്ങൾ വരാൻ ഇടയുണ്ടു്. അങ്ങനെ ഒരു നല്ല കാര്യം ഇതിനുണ്ടു്. എന്നായാലും ഇന്നത്തെ കക്ഷി രാഷ്ട്രീയങ്ങൾകൊണ്ടു് വളരെ കുഴഞ്ഞിരിക്കുന്ന ഈ അവസരത്തിൽ തങ്ങളുടെ സേവനമായി കൈപൊക്കുകയുള്ളൂ മാത്രമെയുള്ളൂ എന്നു വിചാരിക്കുന്ന അംഗങ്ങൾ കൂടിയുള്ള ഈ അവസരത്തിൽ ഈ പ്രമേയത്തിനു അത്ര പ്രസക്തി നൽകരുതെന്നുള്ളതുകൊണ്ടാണു് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതു്.

ശ്രീ. കെ. എം. ചാണ്ടി: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയല്ല ചെയ്യുന്നതു്. ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞതുപോലെ ഈ പ്രമേയത്തിന്റെ തത്വം അംഗീകരിക്കുകയാണെങ്കിൽ നിയമസഭയിൽ ഒരു പാരമ്പര്യം പുതിയതായി സൃഷ്ടിക്കുകയായിരിക്കും ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ദീർഘകാലമായി സേവനം അനുഷ്ഠിച്ചിട്ടുള്ള നിയമസഭാ സാമാജികന്മാരുടെ സേവനത്തെ ബഹുമാനിക്കുന്നതിനോടു ഞാൻ യോജിക്കുന്നു. പക്ഷേ അവസാനം അവർക്ക് ഒരു പാരിതോഷികം എന്ന നിലയിൽ വല്ല പെൻഷനോ അല്ലെങ്കിൽ ഒരു വലിയ തുകയോ കൊടുക്കുന്നതു്, അല്ലെങ്കിൽ അങ്ങനെ കൊടുക്കും എന്നു് വ്യവസ്ഥ ചെയ്യുന്നതു് യഥാർത്ഥത്തിൽ അവരുടെ സേവനത്തെ പുറകി ബഹുമാനിക്കുകയല്ല. എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ ഏതെങ്കിലും ഒരു വേതനം അവസാനം കൊടുക്കുന്നതായാൽ ചില പ്രലോഭനങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ സാധിക്കും. അങ്ങനെ ഒരു മനസ്സു ഉണ്ടായിരുന്നാൽ തന്നെയും യഥാർത്ഥമായി ജനസേവനം ചെയ്യാൻ ത്യാഗബുദ്ധിയോടുകൂടി മുൻപോട്ടുവരുന്ന വ്യക്തികൾക്കു് ഇതിൽ പ്രതിഷേധമായിരിക്കും ഉണ്ടാകുന്നതു്. ജനങ്ങളെ സേവിക്കുക എന്നുള്ളതു് സാമ്പത്തികമായിട്ടുള്ള എന്തെങ്കിലും മേന്മയ്ക്കുവേണ്ടി ആണെങ്കിൽ ആ സേവനത്തിനു നാം ഇന്നു് അർഹിക്കുന്ന വിലയോ നിലയോ ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു് ഈ ഒരു കീഴ്വഴക്കം സൃഷ്ടിക്കാതിരിക്കുകയാണു് നല്ലതു്. ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എൻ. ഏ. നൂർമുഹമ്മദ്: സർ, ഇന്നത്തെ തീർമാനത്തെ നാൻ എതിർക്കിറേൻ. അതിനുകാരണം ചാൾസ്തിരി അവർകൾ എൻമീതു കടിന്തുകൊള്ള മാട്ടാർകൾ എൻറു നാൻ നിനൈക്കിറേൻ. സാധാരണമായ 20 വരുടങ്കൾ തൊടർന്തു അസെംപ്ലിയിലേ അങ്കത്തിനരായ് ഇരുപ്പതു എൻപതു ഒരു പെരിയ കാരിയമേ. ഇന്ത 20 ആണ്ടുകളിൽ മക്കളുക്കു തമ്മാൽ എവ്വളവു തൂരം സേവൈ സെയ്യ മുടിയുമോ അന്ത വിതത്തിൽ ഇന്ത അങ്കത്തിനർകൾ സേവൈ സെയ്തിരുപ്പാർകൾ. ഇന്ത അങ്കത്തിനർകളിൽ ഒരുസിലർ സൌകരിയമുള്ളവർകളായ് ഇരുക്കലാം. വേറുസിലർ സൌകരിയക് കുറൈവുള്ളവർകളായ് ഇരുക്കലാം. ആനാൽ സൌകരിയക് കുറൈവുള്ളവർകളുക്കു ഏതോ അരചാങ്കത്തിലിരുന്തു പണവുതവി സെയ്കിറോം എൻറ മുറൈയിലേ അതൈക് കൊടുപ്പതു എൻപതു, അവർകളുക്കു മാത്തിരമല്ല, അതു നാട്ടിർകും സെയ്തു കൊള്ളും അതൈവരവമായുമിരുക്കുമെൻറു നാൻ കരുതുകിറേൻ. അപ്പടി 20 വരുടങ്കൾ തൊടർന്തു അസെംപ്ലിയിൽ അങ്കത്തിനരായ് ഇരുന്തു തൊണ്ടു സെയ്പവർകളൈ കൌരവിപ്പതു അരചാങ്കത്തിനുടൈയവും, പൊതുമക്കളുടൈയവും കടമൈയാകും. ആനാൽ അതൈ നല്ല ഒരു വഴിയിൽ സെയ്യലാം. അതു എന്നവെൻറാൽ, ഇപ്പൊഴുതു സങ്കീത അക്കാടമി എൻറു വൈത്തിരുക്കിറീർകൾ. ഇതുപോൽ പല പല തുറൈകളിലും ഉള്ള നിപുണർകൾ പല പല അക്കാടമികൾ വൈത്തു നടത്തുവതു, അവർകളുക്കു നന്മൈ പയക്കിറതോടു മാത്തിരമല്ല, പൊതുജനങ്കളുക്കും നന്മൈ സെയ്യക്കൂടിയ വിതത്തിൽ അതു ഉപകാരപ്പടുകിറതു. അതേപോൽ, സട്ടസപൈയിൽ ഇരുപതു വരുടങ്കൾ തൊണ്ടാറ്റിയ പെരിയാർകൾ ഒരു "അസെംപ്ലി അക്കാടമി" വൈത്തു നടത്തി, അങ്കത്തിനർകളായ് വരുപവർകൾ അങ്കു സെൻറു ആറുമാതം പടിത്തുത്തേറ വേണ്ടുമെൻറ അടിപ്പടൈയിൽ സെയ്താൽ അതു അങ്കത്തിനർകളുക്കു മാത്തിരമല്ല, അന്തപ് പെരിയാർകളുക്കും മികവും ഉപകാരമായ് ഇരുക്കുമെൻറു സൊല്ലിക്കൊണ്ടു എനതു പേച്ചൈ മുടിത്തുക്കൊൾകിറേൻ.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ). സർ, ഈ പ്രമേയത്തെ എതിർത്തു സംസാരിച്ചുവരല്ലാതെ ഒരാൾ ഇതു ഗൗരവമായിട്ട് എടുത്തു കാണുന്നില്ല. ഈ ഒക്ടോബർ 5-ാംതീ- മുതൽ ഇന്നുവരെ ഏകദേശം 10-12 ദിവസങ്ങൾ സമ്മേളിച്ചു കഴിഞ്ഞിരിക്കുകയാണ്. വളരെ ഗൗരവമായിട്ടുള്ള പല കാര്യങ്ങളും ഇവിടെ ചർച്ചാവിഷയമായിട്ടുണ്ട്. അതായതു് പോലീസ് മർദ്ദനത്തെപ്പറ്റിയുള്ള അടിയന്തിരപ്രമേയം, സപ്ലിമെന്ററിഗ്രാന്റ് അവയെപ്പറ്റിയുള്ള അപ്രോപ്രിയേഷൻബില്ല് ഇങ്ങനെ പല ഗൗരവതരങ്ങളായ കാര്യങ്ങളും വാദപ്രതിവാദം ചെയ്കയും അതിൽ പരസ്പരം ഉണ്ടായ വിമർശനങ്ങളും ആ വിമർശനങ്ങൾ ചിലപ്പോൾ അതിരുകവിഞ്ഞുപോയതുകൊണ്ടുണ്ടായിട്ടുള്ള വൈഷമ്യങ്ങളും ഒടുവിൽ വോട്ടെടുപ്പും ഇങ്ങനെ പല കാര്യങ്ങൾ ഇവിടെ നടക്കുക ഉണ്ടായി. അവസാനമായി അവതരിപ്പിക്കപ്പെട്ട ഒരു റസല്യൂഷൻ ആണ് ഇതു്. ഈ റസല്യൂഷനെ ആരുംതന്നെ ഹാർദ്ദമായി ചിന്താങ്ങിയതായി എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു് ഇതു് എതിർക്കേണ്ടിവന്നതിൽ ഖേദിക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : കാൺഗ്രസ്സ് പാർട്ടിയിൽ ഇതേപ്പറ്റി ചർച്ചചെയ്യ അവസരത്തിൽ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനുള്ള അനുമതി പാർട്ടി നൽകിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഈ പ്രമേയം കൊണ്ടുപോഴാണ് ഈ കാര്യം മനസ്സിലാക്കുന്നതു്. സർ, ഈ പ്രമേയത്തെ ശ്രീ. ടി. എസ്സ്. രാമസ്വാമി കഴിച്ചു് ബാക്കി ഉള്ളവരുടെ അഭിപ്രായം കേട്ടതിൽനിന്നും ആരുംതന്നെ ഇതു ഗൗരവതരമായി കരുതുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കിയതു്. നേരെ മറിച്ചു് ആരെങ്കിലും ഗൗരവമായിട്ടുതന്നെ അഭിപ്രായപ്പെടുകയോ വിചാരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽത്തന്നെയും എതിർക്കുകയാണ് ചെയ്യുന്നതു്.

The amendments of Shri Joseph Chazhikatt, Shri P. Ramaswami Pillai, and Shri N Narayana Kurup, were by leave, withdrawn.

The resolution was, by leave, withdrawn.

4. Re: Steps to be taken by Govt. to make the Second Five Year Plan a success.

SHRI R. PRAKASAM: Sir, I move:

"This House is of opinion that in order to make the Second Five Year Plan a success this Government should take steps to:—

1. increase the present allotment of Rs. 130 crores to 200 crores;

2. give adequate protection to our major cottage industries like coir and handloom and also to our coir manufacturing industry;

LIBRARY ARCHIVES Kerala Legislative Assembly